# കേരളീയം 2023

## ഫുഡ് ഫെസ്റ്റിവൽ കമ്മിറ്റി കൺവീനർ പുറപ്പെടുവിക്കുന്ന താത്പര്യപത്രം

**(കേരളത്തിലെ ബ്രാൻഡഡ് ഭക്ഷണങ്ങൾ, കാറ്ററിങ് അസോസിയേഷനുകളെ ഉൾപ്പെടുത്തിയിട്ടുള്ള ഭക്ഷ്യമേള, പഴമയുടെ തനിമ- പരമ്പരാഗത ഭക്ഷ്യ വിഭവങ്ങളുടെ മേള, പഞ്ചനക്ഷത്ര ഹോട്ടലുകളുടെ ഭക്ഷ്യമേള, മത്സ്യ വിഭവങ്ങളുടെ ഭക്ഷ്യമേള, പെറ്റ്സ് ഫുഡ് ഫെസ്റ്റിവൽ, പാൽ -പാൽ ഉത്പന്നങ്ങൾ/ ചോക്കലേറ്റ് - ഭക്ഷ്യമേള, സ്ട്രീറ്റ് ഫുഡ് ഫെസ്റ്റിവൽ)**

2023 നവംബർ 1 മുതൽ 7 വരെ തിരുവനന്തപുരത്ത് 'കേരളീയം 2023' സംഘടിപ്പിക്കുവാൻ കേരള സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കവടിയാർ മുതൽ കിഴക്കേകോട്ട വരെ 30 തിലധികം വേദികളിലായി സെമിനാറുകൾ, എക്സിബിഷനുകൾ, ട്രേഡ് ഫെയറുകൾ, ഫുഡ് ഫെസ്റ്റിവലുകൾ, ഫ്ലവർ ഷോ വിവിധ കലാപരിപാടികൾ തുടങ്ങി വിപുലമായ പദ്ധതികൾക്കാണ് കേരളീയം 2023 ലക്ഷ്യമിടുന്നത്. 'കേരളീയ'ത്തിന്റെ ഭാഗമായി വിവിധ കമ്മിറ്റികൾ മുഖാന്തരം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ സർക്കാർ ഉത്തരവ് (സ. ഉ. (സാധാ)നം. 4073/2023/GAD, തീയതി 04.09.2023) പ്രകാരം കമ്മറ്റികൾ രൂപീകരിച്ചും ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിൻറെ അടിസ്ഥാനത്തിൽ ഫുഡ് ഫെസ്റ്റിവൽ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ചേർന്ന യോഗങ്ങളിൽ പത്ത് പ്രധാന വേദികളിലായി ഫുഡ് ഫെസ്റ്റിവൽ സംഘടിപ്പിക്കുവാൻ തീരുമാനം കൈകൊണ്ടു. സംരംഭകർക്ക് പങ്കെടുക്കാവുന്ന തരത്തിൽ ചുവടെ പറയുന്ന മേളകൾ സംഘടിപ്പിക്കാനും അവയ്ക്ക് ഒപ്പം ചേർത്ത വേദികളിൽ ഫുഡ് സ്റ്റാൾ നടത്തുന്നതിനും അവയ്ക്കായി താത്പര്യപത്രം ക്ഷണിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

കേരളത്തിലെ ബ്രാൻഡഡ് ഭക്ഷണങ്ങൾ, കാറ്ററിങ് അസോസിയേഷനുകളെ ഉൾപ്പെടുത്തിയിട്ടുള്ള ഭക്ഷ്യമേള, പഴമയുടെ തനിമ- പരമ്പരാഗത ഭക്ഷ്യ വിഭവങ്ങളുടെ മേള, പഞ്ചനക്ഷത്ര ഹോട്ടലുകളുടെ ഭക്ഷ്യമേള, മത്സ്യ വിഭവങ്ങളുടെ ഭക്ഷ്യമേള, പെറ്റ്സ് ഫുഡ് ഫെസ്റ്റിവൽ, പാൽ -പാൽ ഉത്പന്നങ്ങൾ/ ചോക്കലേറ്റ് - ഭക്ഷ്യമേള, സ്ട്രീറ്റ് ഫുഡ് ഫെസ്റ്റിവൽ എന്നിവയിൽ മേൽ സൂചിപ്പിച്ചവയുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന വേദികളിൽ ഫുഡ് ഫെസ്റ്റിവലുകൾ സംഘടിപ്പിക്കും.

| ഭക്ഷ്യമേള | വേദി |
|---|---|
| കേരളത്തിലെ ബ്രാൻഡഡ് ഭക്ഷണങ്ങൾ | കനകക്കുന്ന് |
| കുടുംബശ്രീ ഭക്ഷ്യമേള | കനകക്കുന്ന് |
| കേരളത്തിന്റെ തനത് ഭക്ഷണങ്ങൾ | മാനവീയം വീഥി |
| പെറ്റ്സ് ഫുഡ് ഫെസ്റ്റിവൽ | മ്യൂസിയം |
| കേക്ക് , ചോക്ലേറ്റ്, പാൽ ഉൽപന്നങ്ങൾ തുടങ്ങിയവ | LMS കോമ്പൗണ്ട് |

| | |
|---|---|
| ട്രൈബൽ വകുപ്പിന്റെ പരമ്പരാഗത ഫുഡ് ഫെസ്റ്റിവൽ | യൂണിവേഴ്സിറ്റി കോളേജ് |
| സ്ട്രീറ്റ് ഫുഡ് ഫെസ്റ്റിവൽ | യൂണിവേഴ്സിറ്റി കോളേജിന് സമീപം |
| ഫിഷറീസ് വകുപ്പ് ഭക്ഷ്യമേള | LMS കോമ്പൗണ്ട് |
| പഞ്ചനക്ഷത്ര ഹോട്ടലുകളുടെ ഭക്ഷ്യമേള | സെൻട്രൽ സ്റ്റേഡിയം |
| സഹകരണ വകുപ്പ് ഭക്ഷ്യമേള | ടാഗോർ തിയേറ്റർ |
| കാറ്ററിംഗ് അസോസിയേഷൻ ഭക്ഷ്യമേള | പുത്തിരികണ്ടം |

2023 നവംബർ 1 മുതൽ 7 വരെ 'കേരളീയ'ത്തിനോടനുബന്ധമായി ഈ വേദികളിൽ സംഘടിപ്പിക്കുന്ന ബന്ധപ്പെട്ട ഫുഡ് സ്റ്റാളുകൾ നടത്താൻ താൽപര്യപ്പെടുന്ന വ്യക്തികൾ/ സ്ഥാപനങ്ങൾ 2023 ഒക്ടോബർ 6 നു മുൻപായി **keraleeyamfoodfestival@gmail.com** എന്ന ഇ -മെയിൽ അഡ്രസ്സിൽ താത്പര്യപത്രം സമർപ്പിക്കേണ്ടതാണ്. ഏതു വിഭാഗത്തിലാണ് (കേരളത്തിലെ ബ്രാൻഡഡ് ഭക്ഷണങ്ങൾ, കാറ്ററിങ് അസോസിയേഷനുകളെ ഉൾപ്പെടുത്തിയിട്ടുള്ള ഭക്ഷ്യമേള, പഴമയുടെ തനിമ- പരമ്പരാഗത ഭക്ഷ്യ വിഭവങ്ങളുടെ മേള, പഞ്ചനക്ഷത്ര ഹോട്ടലുകളുടെ ഭക്ഷ്യമേള, മത്സ്യ വിഭവങ്ങളുടെ ഭക്ഷ്യമേള, പെറ്റ്സ് ഫുഡ് ഫെസ്റ്റിവൽ, പാൽ -പാൽ ഉത്പന്നങ്ങൾ/ ചോക്കലേറ്റ് - ഭക്ഷ്യമേള, സ്ട്രീറ്റ് ഫുഡ് ഫെസ്റ്റിവൽ) പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അപേക്ഷയിൽ വ്യക്തമായി രേഖപ്പെടിത്തിയിരിക്കണം. ലഭിക്കുന്ന അപേക്ഷകളിന്മേൽ കമ്മിറ്റിയുടെ സൂക്ഷ്മ പരിശോധനയ്ക്കു ശേഷം സ്ഥല ലഭ്യതയുടെയും കൂടി അടിസ്ഥാനത്തിലാകും അന്തിമ അനുമതി ലഭിക്കുക. നിശ്ചിത വാടക ഈടാക്കിയോ അല്ലാതെയോ ആകും തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തികൾ/ സ്ഥാപനങ്ങൾക്ക് ഫുഡ് ഫെസ്റ്റിവലിൽ പങ്കെടുക്കുവാൻ അവസരമൊരുക്കുക.

2023 ഒക്ടോബർ 31 നുള്ളിൽ അനുവദിക്കപ്പെടുന്ന സ്ഥലങ്ങളിൽ ബന്ധപ്പെട്ട വ്യക്തികൾ/സ്ഥാപനങ്ങൾ സ്റ്റാൾ സജ്ജീകരണം പൂർത്തിയാക്കുകയും ആവശ്യാനുസരണമുള്ള ഉത്പന്നങ്ങളുടെ ലഭ്യത ഉറപ്പാക്കുകയും ചെയ്യണം. ഗ്രീൻ പ്രോട്ടോക്കോൾ/ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ നിർബന്ധമായും പാലിക്കണം. സമയപരിധി കഴിഞ്ഞു ലഭ്യമാകുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല. താത്പര്യപത്രം അംഗീകരിക്കുന്നതും റദ്ദാക്കുന്നതും സംബന്ധിച്ച് അന്തിമ അധികാരം ഫുഡ് ഫെസ്റ്റിവൽ കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും. കൂടുതൽ വിവരങ്ങൾക്ക്; ഫോൺ : 0471-2721243,45,48, ഇ -മെയിൽ: **keraleeyamfoodfestival@gmail.com**

മാനേജിംഗ് ഡയറക്ടർ (കെ ടി ഡി സി )&
കൺവീനർ ഫുഡ് ഫെസ്റ്റിവൽ കമ്മിറ്റി
കേരളീയം 2023